12400 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പൂർത്തീകരിച്ചു. പള്ളിക്കുട്ടുമ്മയിൽനിന്നും കാവാലം ഉന്നതതല സംഭരണി യിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ 90% പണി പൂർത്തീകരിച്ചു. നീരേറ്റുപുറം ശുദ്ധീകരണ ശാലയിൽ നിന്ന് ആലപ്പുഴ, ചങ്ങനാശ്ശേരി റോഡിലെ (എ.സി.റോഡ്) മാമ്പഴക്കരി ജംഗ്ഷൻ വരെയുള്ള 800 എം.എം പൈപ്പ് ലൈനിന്റെ പണികൾ 50% പൂർത്തീകരിച്ചു. നെടുമുടി, കൈനകരി പഞ്ചായത്തുകളിലെ ജലസംഭരണികളിലേക്ക് ജലം എത്തിക്കുവാൻ നിലവിലുള്ള പൈപ്പുകൾ ഉപയോഗപ്പെടുത്തുവാൻ വിഭാവനം ചെയ്തിരിക്കുന്നു.

(ബി) തകഴിയിലെ ടാങ്ക് പണിയുന്നതിനുള്ള കരാർ ഉറപ്പിച്ചിട്ടുണ്ട്. പണികൾ ഉടൻ ആരംഭിക്കും. കാവാലം പഞ്ചായത്തിലെ ഉന്നതതല സംഭരണി നിർമ്മിക്കുവാനുള്ള ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും അനുമതി നൽകുവാൻ കഴിഞ്ഞില്ല. പ്രസ്തുതപണിക്ക് പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയിൽ മെയിൻ പൈപ്പുകൾ സ്ഥാപിച്ചുകഴിഞ്ഞശേഷം മാത്രമേ മറ്റ് ചെറിയ പൈപ്പുകൾ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. എല്ലാ പഞ്ചായത്തുകളിലും ചെറിയ പൈപ്പുകൾ ഉൾപ്പെടെയുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിന് അനുമതി ലഭിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി

189 (3624) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്നും അവ ഏതു ഘട്ടംവരെയായി എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നബാർഡ് സഹായത്തോടുകൂടി താഴെപ്പറയുന്ന രണ്ട് ശുദ്ധജലവിതരണ പദ്ധതികളുടെ ആദ്യഘട്ടത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

1. സുൽത്താൻബത്തേരി, മുട്ടിൽ, നൂൽപ്പുഴ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണപദ്ധതി.

2. മൂപ്പൈനാട്, മേപ്പാടി, വൈത്തിരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണപദ്ധതി. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ ഘടകങ്ങളും അവയുടെ നിലവിലുള്ള അവസ്ഥയും ചുവടെ ചേർക്കുന്നു :

I. സുൽത്താൻബത്തേരി, മുട്ടിൽ, നൂൽപ്പുഴ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഘടകങ്ങൾ:-

1. കിണർ, പമ്പ് ഹൗസ്, പാനൽ റൂം, ബ്രിഡ്ജ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

2. റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവയുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു.

3. 16 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല, ഭൂതലസംഭരണി, പമ്പ് ഹൗസ് എന്നിവയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു.

4. 5, 7, 12 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു.

II. മൂപ്പൈനാട്, മേപ്പാടി, വൈത്തിരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഘടകങ്ങൾ:-

1. കിണർ, പമ്പ് ഹൗസ്, പാനൽ റൂം (ബ്രിഡ്ജ് മുതലായവ) എന്നിവയ്ക്ക് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. 13 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല, റോഡ്, കോമ്പൗണ്ട് വാൾ, ഭൂതല സംഭരണി മുതലായവയുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

4. ക്ലിയർ വാട്ടർ പമ്പ് ഹൗസിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

5. മൂന്ന് ജലസംഭരണികൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

പ്ലാന്റുകൾ

190 (3625) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഡ്രിങ്കിംഗ് വാട്ടർ ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) ഈ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണ് ; ഈ പ്ലാന്റുകളിൽ നിന്നും ഉല്പാദനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഉല്പാദനം ആരംഭിക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമാർക്കറ്റിൽ കുടിവെള്ളം ലിറ്ററിന് എത്ര രൂപ വിലയുണ്ട് ; എത്ര രൂപ നിരക്കിൽ കുടിവെള്ളം നൽകുന്നതിനാണ് വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly